# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **06.11.2019-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 2747**

## ക്ഷീരോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

**ചോദ്യം**

**ശ്രീ.വി.അബ്ദുറഹിമാൻ**

**ഉത്തരം**

**ശ്രീ.കെ രാജു**

(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കാനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നത്.

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം
   a. ക്ഷീരഗ്രാമംപദ്ധതി
   b. അവശ്യാധിഷ്ഠിത സഹായം
   c. യന്ത്രവത്കരണം
   d. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
   e. ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്രഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ സബ്സിഡി / മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കാലിവളർത്തലും മിനി ഡയറി ഫാമുകളും പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നുണ്ട്. കൂടാതെ കാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള സഹായം, കർഷകർക്ക് അവശ്യാധിഷ്ഠിത സഹായം, കാലിത്തീറ്റ സബ്സിഡി, കറവ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം, കാലി തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം, ക്ഷീര കർഷക ക്ഷേമനിധിയിലൂടെയുള്ള സഹായം തുടങ്ങിയവയും നൽകുന്നുണ്ട്.

(സി) മിനിഡയറി ഫാമുകളും ഇതര കാലിവളർത്തൽ പദ്ധതികളും ആരംഭിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് ക്ഷീരവികസനവകുപ്പ് നൽകി വരുന്നത്;

(സി) മിനി ഡയറി ഫാമുകളും, കാലി വളർത്തൽ വിപുലപ്പെടുത്തുന്നതിനും നൽകുന്ന സഹായങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനവിവരം | ധനസഹായ തുക |
|---|---|---|
| 1 | ഒരു പശു യൂണിറ്റ് (ഗോദാനം) | 35, 000 രൂപ |
| 2 | 2 പശു യൂണിറ്റ് | 69,000 രൂപ |
| 3 | 5 പശു യൂണിറ്റ് | 1,84,000 രൂപ |
| 4 | 10 പശു യൂണിറ്റ് | 3,83,000 രൂപ |
| 5 | 5 കിടാരി യൂണിറ്റ് | 98,800 രൂപ |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 രൂപ |
| 7 | കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി) | 53,000 രൂപ |
| 8 | കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു+ 2 കിടാരി) | 1,50,000 രൂപ |
| 9 | അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 രൂപ |
| 10 | കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം | 50,000 രൂപ |
| 11 | തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള സഹായം | ഒരു ഹെക്ടറിന് പുൽക്കടകൾ ഉൾപ്പെടെ 21,500 രൂപ. |

| | |
|---|---|
| (ഡി) ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) പഠനം നടത്തിയിട്ടുണ്ട്. കേരളത്തിലെ ത്രിതല സഹകരണ സംഘങ്ങളെ കുറിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച ശ്രീമതി.ലിഡ ജേക്കബ് അധ്യക്ഷയായുള്ള വിദഗ്ധ സമിതി ക്ഷീര കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങളും പരിഗണനാ വിഷയമാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ പ്രായോഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ കൺവീനറായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**